**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം – 2017 സെപ്റ്റംബർ ,ഒക്ടോബർ , നവംബർ മാസങ്ങളിലെ പെൻഷൻ -പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് നൽകാനുള്ള ഇൻസെന്റീവ് തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ ഉ (സാധാ) നം.2246 /2018/ധന തിരുവനന്തപുരം തീയതി.20.03. 2018

---

പരാമർശം :- 1. സ ഉ ( എം എസ് ) 324/2016/ധന തീയതി 15/08/2016
2. സ ഉ ( സാധാ) 6950/2016/ധന തീയതി 23/08/2016
3. സ ഉ ( സാധാ) 7153/2016/ധന തീയതി 06/09/2016
4 സ ഉ ( സാധാ) 550/2017/ധന തീയതി 15/12/2016
5. 12/03/2018 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ ഡി ബി റ്റി 37105/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷ പെൻഷൻ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഒരു ഗുണഭോക്താവിന് പെൻഷൻ വിതരണം ചെയ്യുന്നതിന് 50 രൂപ നിരക്കിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവക്ക് ലഭിക്കുന്നതാണെന്ന് പരാമർശം (2) ഉം (3) ഉം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം 2017 സെപ്റ്റംബർ ഒക്ടോബർ , നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുകയും അത് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്തിട്ടുള്ളതുമാണ്.

2) പരാമർശം ( 5) ലെ കത്തിൽ 2017 സെപ്റ്റംബർ ഒക്ടോബർ , നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവർക്ക് നൽകേണ്ട ഇൻസെന്റീവ് തുക

9,42,81,050/- രൂപ (ഒൻപത് കോടി നാൽപത്തി രണ്ട് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അൻപത് രൂപ മാത്രം ) അനുവദിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2017 സെപ്റ്റംബർ ഒക്ടോബർ , നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവർക്ക് നൽകേണ്ട ഇൻസെന്റീവ് തുക 9,42,81,050/- രൂപ ( ഒൻപത് കോടി നാൽപത്തി രണ്ട് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അൻപത് രൂപ മാത്രം ) അനുവദിച്ച് ഉത്തരവാകുന്നു. അനുവദിച്ച തുകയുടെ ശീർഷകം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

4) ഇൻസെന്റീവ് തുക വെള്ളയമ്പലം സബ് ട്രഷറിയിലെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് നമ്പർ 799012100000001 ൽ നിന്ന് പിൻവലിച്ച് അതാത് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർമാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കാൻ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി റ്റി സെല്ലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ധനകാര്യ ജോയിന്റ് സെക്രട്ടറി

പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| അനുബന്ധം | | | |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനം | പെൻഷൻ ഇനം | അക്കൗണ്ട് ശീർഷകം | ആകെ |
| 1 | 2 | 3 | 4 |
| കോർപ്പറേഷൻ | വികലാംഗ പെൻഷൻ | 2235-02-191-50 (NP) | 290900 |
| | അഗതി പെൻഷൻ | 2235-60-191-50 (NP) | 951400 |
| | കർഷക തൊഴിലാളി പെൻഷൻ | 2235-60-191-50 (NP) | 121150 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-191-50 (NP) | 141650 |
| | വാർദ്ധക്യകാല പെൻഷൻ | 2235-60-191-48-02 (P) | 1692350 |
| | **ആകെ** | | **3197450** |
| മുനിസിപ്പാലിറ്റി | വികലാംഗ പെൻഷൻ | 2235-02-192-50 (NP) | 1050600 |
| | അഗതി പെൻഷൻ | 2235-60-192-50 (NP) | 3529200 |
| | കർഷക തൊഴിലാളി പെൻഷൻ | 2235-60-192-50 (NP) | 1296650 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-192-50 (NP) | 285900 |
| | വാർദ്ധക്യകാല പെൻഷൻ | 2235-60-192-48-02 (P) | 5780700 |
| | **ആകെ** | | **11943050** |
| ഗ്രാമപഞ്ചായത്ത് | വികലാംഗ പെൻഷൻ | 2235-02-198-50 (NP) | 7310500 |
| | അഗതി പെൻഷൻ | 2235-60-198-50 (NP) | 21336450 |
| | കർഷക തൊഴിലാളി പെൻഷൻ | 2235-60-198-50 (NP) | 12900850 |
| | 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 2235-60-198-50 (NP) | 1544500 |
| | വാർദ്ധക്യകാല പെൻഷൻ | 2235-60-198-48-02 (P) | 36048250 |
| | **ആകെ** | | **79140550** |
| **ആകെ** | | | **94281050** |